# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2020-2021**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**ഇടുക്കി-685584**

**ഇ-മെയിൽ: doidk.ksad@kerala.gov.in**

**ഫോൺ : 04862-227332**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഐ.ഡി.കെ-4/445/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 08/04/2022
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : തൊടുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൊടുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അസി.ഡെവലപ്പ്മെന്റ് കമ്മീഷണർ, ഇടുക്കി

നമ്പർ: കെ.എസ്.എ-ഐ.ഡി.കെ-4/445/22 തീയ്യതി: 08/04/2022

**ഇടുക്കി ജില്ലയിലെ തൊടുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ തൊടുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 27-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. എം.വി. സിനി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 28-01-2022 | 05-02-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 28-01-2022 | 05-02-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. എം.എസ്. രാജീവ്, ഓഡിറ്റ് ഓഫീസർ
ശ്രീ. എം.കെ. അഭിലാഷ്, അസി. ഓഡിറ്റ് ഓഫീസർ (31.01.2022 മുതൽ 05.02.2022 വരെ)
ശ്രീമതി. അനീറ്റ പി സാമുവൽ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി. മായ കൃഷ്ണൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സിനോജ്, എറിച്ചിറിക്കാട്ട് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ഭരണ നിർവ്വഹണ കമ്മിറ്റി | സെക്രട്ടറി | 12-11-2020 | 29-12-2020 |
| ശ്രീമതി ട്രീസ ജോസ് കാവാലത്ത് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സക്കീർ ഹുസൈൻ ഇബ്രാഹിം | സെക്രട്ടറി | 01-04-2020 | 06-10-2020 |
| ശ്രീ എ.എൻ ബേബി | ജോയിന്റ് ബി.ഡി.ഒ (അധിക ചുമതല) | 07-10-2020 | 04-11-2020 |
| ശ്രീമതി വി.വി റഹീമ | സെക്രട്ടറി | 05-11-2020 | 10-01-2021 |
| ശ്രീ വി.ജി ജയൻ | സെക്രട്ടറി | 11-01-2021 | 03-02-2022 |
| ശ്രീമതി എം.ജി രതി | സെക്രട്ടറി | 04-02-2021 | 31-03-2021 |
| ശ്രീമതി സെലീനാമ്മ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ പി.കെ സുരേഷ് കുമാർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി കെ.എൽ ജിനിത | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി സിസിലായാമ്മ മാത്യു | ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ രേഖ | മെഡിക്കൽ ഓഫീസർ, ആരോഗ്യം, സി.എച്ച്.സി പുറപ്പുഴ | 01-04-2020 | 31-03-2021 |
| ശ്രീമതി റിനു തോമസ് | ക്ഷീര വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ജി രേഷ്മ | വ്യവസായ വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ആനിയമ്മ ഫ്രാൻസിസ് | പട്ടികവർഗ്ഗ വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി കൈരളി കെ.കെ | പട്ടിക ജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |

**ഉള്ളടക്കം**



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.K.Abhilash (Asst. Audit Officer, On 01-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 07-04-2022) | 1-1 |
| 2 | വാർഷിക ധനവിവരപത്രിക<br>Written By: M.K.Abhilash (Asst. Audit Officer, On 01-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 25-03-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: M.K.Abhilash (Asst. Audit Officer, On 01-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 07-04-2022) | 1-3 |
| 4 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ<br>Written By: M.K.Abhilash (Asst. Audit Officer, On 01-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-03-2022) | 1-3-2 |
| 5 | പദ്ധതി അവലോകനം<br>Written By: M.K.Abhilash (Asst. Audit Officer, On 01-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 25-03-2022) | 1-4 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: M.K.Abhilash (Asst. Audit Officer, On 01-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 25-03-2022) | 1-5 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: M.K.Abhilash (Asst. Audit Officer, On 01-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 25-03-2022) | 1-6 |
| 8 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: M.K.Abhilash (Asst. Audit Officer, On 01-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 07-04-2022) | 1-7 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: M.K.Abhilash (Asst. Audit Officer, On 07-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 07-04-2022) | 1-8 |
| 10 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: M.K.Abhilash (Asst. Audit Officer, On 05-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 07-04-2022) | 1-9 |
| 11 | കുടിശ്ശികക്കാരന് കരാർ പുതുക്കാതെ കെട്ടിടം വാടകയ്ക്ക് നല്കി- നഷ്ടം ₹6000/-<br>Written By: Maya Krishnan (Auditor, On 06-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 07-04-2022) | 1-10 |
| 12 | സിഎച്ച്സി ക്വാർട്ടേഴ്സ് വാടക ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാകുന്നില്ല<br>Written By: Maya Krishnan (Auditor, On 06-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 07-04-2022) | 1-11 |
| 13 | മുണ്ടൻമല ടൂറിസം പദ്ധതി- ബ്ലോക്ക് പഞ്ചായത്തിന് വരുമാനം ലഭ്യമാകുന്നില്ല<br>Written By: Maya Krishnan (Auditor, On 06-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 07-04-2022) | 1-12 |
| 14 | പിഴ ഈടാക്കുന്നത് പ്ലാൻ ഫണ്ടിൽ അടവാക്കുന്നു<br>Written By: M.K.Abhilash (Asst. Audit Officer, On 07-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 07-04-2022) | 1-13 |
| 15 | കാലാവധിക്കുള്ളിൽ കരാർ ചമയ്ക്കാത്തതിന് പിഴ ഈടാക്കിയില്ല<br>Written By: M.K.Abhilash (Asst. Audit Officer, On 07-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 07-04-2022) | 1-14 |
| 16 | ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിൽ ഉൾപ്പെടാത്ത പ്രവൃത്തികൾ നടപ്പാക്കി-₹1962791/- യുടെ ചെലവ് തടസ്സം<br>Written By: M.K.Abhilash (Asst. Audit Officer, On 06-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 08-04-2022) | 1-15 |
| 17 | ഡയറി എക്സ്റ്റെൻഷൻ ഓഫീസറുടെ പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Maya Krishnan (Auditor, On 07-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 07-04-2022) | 1-16 |
| 18 | ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതി നടത്തിപ്പ് സംബന്ധിച്ച അപാകതകൾ<br>Written By: Maya Krishnan (Auditor, On 07-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 08-04-2022) | 1-17 |
| | **ഭാഗം 2** | |
| 1 | കാലാവധിക്കുള്ളിൽ കരാർ ചമയ്ക്കാത്തതിന് പിഴ ഈടാക്കിയില്ല-നഷ്ടം ₹3935/- (ഖണ്ഡിക 1-14)<br>Written By: M.K.Abhilash (Asst. Audit Officer, On 07-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 07-04-2022) | 2-1 |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Anitta P Samuel (Asst. Audit Officer, On 02-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 26-03-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Anitta P Samuel (Asst. Audit Officer, On 02-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-03-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Anitta P Samuel (Asst. Audit Officer, On 02-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 07-04-2022) | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Anitta P Samuel (Asst. Audit Officer, On 02-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-03-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Anitta P Samuel (Asst. Audit Officer, On 02-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Anitta P Samuel (Asst. Audit Officer, On 02-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Anitta P Samuel (Asst. Audit Officer, On 02-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Anitta P Samuel (Asst. Audit Officer, On 02-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-03-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം<br>Written By: Anitta P Samuel (Asst. Audit Officer, On 02-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Anitta P Samuel (Asst. Audit Officer, On 02-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 08-04-2022) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: M.K.Abhilash (Asst. Audit Officer, On 08-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 07-04-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ജനറൽ കമ്മിറ്റിയുടെ 24.03.2020 ലെ 1(1) നമ്പർ തീരുമാനപ്രകാരം ₹11,44,61,821/- വരവും ₹11,28,48,500/- ചെലവും ₹16,13,321/- നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന തൻവർഷത്തെ ബജറ്റ് അംഗീകരിച്ചു.

### 1-2 വാർഷിക ധനവിവരപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 16.05.2020 | | |

### 1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് ₹ | വരവ്₹ | ആകെ₹ | ചെലവ്₹ | നീക്കിയിരിപ്പ്₹ |
|---|---|---|---|---|---|---|
| വികസന ഫണ്ട് | ജനറൽ | 0 | 18675924 | 18675924 | 18350744 | 325180 |
| | എസ്.സി.പി | 0 | 4263000 | 4263000 | 3816219 | 446781 |
| | ടി.എസ്.പി | 0 | 1114086 | 1114086 | 1066275 | 47811 |
| സംരക്ഷണ ഗ്രാന്റ് | റോഡിതരം | 0 | 2948000 | 2948000 | 2778704 | 169296 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ഉപാധി | 0 | 3140000 | 3140000 | 2536472 | 603528 |
| | ഉപാധി രഹിതം | 0 | 3140000 | 3140000 | 2842429 | 297571 |
| സമ്പൂർണ്ണ ശുചിത്വം | | 542412 | 14957 | 557369 | 0 | 557369 |
| ഐ ഡബ്ല്യൂ എം പി | | 1578341 | 7108813 | 8687154 | 6396066 | 2291088 |
| ഗ്രാന്റ് (PMKSY) | | 19629 | 597 | 20226 | 0 | 20226 |
| ഗ്രാന്റ്സ്-മൂലധനം | | 2220 | 69 | 2289 | 0 | 2289 |
| ടോട്ടൽ സാനിറ്റേഷൻ | | 5014 | 157 | 5171 | 0 | 5171 |
| ജനറൽ പർപസ് ഗ്രാന്റ് | | 0 | 5032000 | 5032000 | 5032000 | 0 |
| മറ്റിനങ്ങൾ (ഇഎംഎസ്) | | 74771 | 3014 | 77785 | 0 | 77785 |
| കുടുംബശ്രീ ഫണ്ട് | | 12055 | 0 | 12055 | 0 | 12055 |

### 1-3-2 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ

1. സ്രോതസ്സിൽ നിന്നും കുറവ് വരുത്തുന്ന തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുന്നില്ല.

എ) വികസന ഫണ്ട് -പൊതുവിഭാഗം

| ക്രമ നം | ഉത്തരവ് നം & തീയതി | അനുവദിച്ച തുക ₹ | കുറവ് വരുത്തിയ തുക ₹ & ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുക ₹ |
|---|---|---|---|---|
| 1 | സ.ഉ (സാധാ) 43/20 /ധനം തീ: 01.01.2021 | 3398000 | 1815103<br>(ഐ.എ.വൈ വിഹിതം) | 1582897 |

ബി) റോഡിതര സംരക്ഷണ ഗ്രാന്റ്

| ക്രമ നം | ഉത്തരവ് നം & തീയതി | അനുവദിച്ച തുക ₹ | കുറവ് വരുത്തിയ തുക ₹ & ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുക ₹ |
|---|---|---|---|---|
| 1 | സ.ഉ (സാധാ) 4444/20 / ധനം തീ: 03.08.2020 | 982700 | 29818<br>(വോട്ടിംഗ് മെഷീൻ തുക നൽകിയത്) | 952882 |

2. സ്രോതസിൽ നിന്നും കുറവ് വരുത്തിയ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവിൽ ഉൾപ്പെടുത്താത്തതിനാൽ ലാപ്സായി പോയ തുകയുടെ വിവരം കൃത്യമായി പ്രതിഫലിക്കുന്നില്ല.

| ഫണ്ടിനം | വരവ് ₹ | | ലാപ്സായി പോയ തുക ₹ | |
|---|---|---|---|---|
| | യഥാർത്ഥം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | യഥാർത്ഥം |
| വികസന ഫണ്ട് പൊതു വിഭാഗം | 18675924 | 16860821 | (-)1489923 | 325180 |
| റോഡിതര സംരക്ഷണ ഗ്രാന്റ് | 2948000 | 2918182 | 139478 | 169296 |

3. വരവിൽ ഉൾപ്പെടുത്തിയിട്ടില്ല

തൻ വർഷം ഗ്രാമപഞ്ചായത്തിന് ലഭിച്ച സംസ്ഥാനാവിഷ്കൃത ഫണ്ട്, കേന്ദ്രാവിഷ്കൃത ഫണ്ട് എന്നിവ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-4 പദ്ധതി അവലോകനം**

എ) പദ്ധതി നിർവ്വഹണം

തൻ വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 73 | 42159442 | 58 | 31390843 | 8 | 7 | 79.45 |

1. ചെലവഴിച്ച വിവിധ ഫണ്ടുകളുടെ വിവരം

| ഇനം | | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 21009300 | 18350744 | 87.35 |
| | പട്ടിക ജാതി വിഭാഗം | 4020918 | 3816219 | 94.91 |
| | പട്ടിക വർഗ്ഗ വിഭാഗം | 1114804 | 1066275 | 95.65 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 6280000 | 5378901 | 85.65 |
| കേന്ദ്രാവിഷ്കൃതഫണ്ട് | | 1440000 | 0 | 0.00 |
| തനത് ഫണ്ട് | | 315000 | 0 | 0.00 |
| മറ്റ് ഗ്രാമ പഞ്ചായത്ത് ഫണ്ട് | | 840000 | 0 | 0.00 |
| മറ്റ് ജില്ലാ പഞ്ചായത്ത് | | 1176000 | 0 | 0.00 |
| സംരക്ഷണ ഗ്രാന്റ് റോഡിതരം | | 3263420 | 2778704 | 85.15 |
| മറ്റിനം | | 2700000 | 0 | 0.00 |
| **ആകെ** | | 42159442 | 31390843 | 74.46 |

2. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടിന്റെ എണ്ണം | അടങ്കൽ തുക ₹ | നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ എണ്ണം | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ | 4 | 2807500 | 4 | 2563499 | 91.31 |
| ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 26 | 13618587 | 20 | 8449706 | 62.05 |
| ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ | 1 | 500660 | 1 | 500660 | 100.00 |
| മെഡിക്കൽ ഓഫീസർ- കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ | 6 | 1643000 | 6 | 1394318 | 84.86 |
| പട്ടിക ജാതി വികസന ഓഫീസർ | 2 | 2378802 | 2 | 2370772 | 99.66 |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 2 | 1374668 | 2 | 711066 | 51.73 |
| സീനിയർ വെറ്ററിനറി /സർജൻ അസിസ്റ്റന്റ് ഡയറക്ടർ | 3 | 5345307 | 3 | 2845307 | 53.23 |
| ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ | 1 | 895440 | 1 | 250000 | 27.92 |
| അസിസ്റ്റന്റ് എൻജിനീയർ | 28 | 13595478 | 27 | 12305515 | 90.51 |
| **ആകെ** | 73 | 42159442 | 66 | 31390843 | 74.46 |

**1-5 തൊഴിലുറപ്പ് പദ്ധതി**

ഇല്ല

**1-6 ക്ഷേമ പദ്ധതികൾ**

ഇല്ല

**1-7 ക്യാഷ് വേരിഫിക്കേഷൻ**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.02.2022 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് 'ഇല്ല' എന്ന് ബോധ്യപ്പെട്ടു.

**1-8 ആഭ്യന്തര നിയന്ത്രണം**

ബ്ലോക്ക് പഞ്ചായത്തിലെ സിറ്റിസൺ ഇൻഫർമേഷൻ കേന്ദ്രം പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഓഫീസ് ഉത്തരവു മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ തുടങ്ങിയവ സാമ്പത്തിക വർഷാവസാനം പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല. ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷിക ഭൗതിക പരിശോധനയും നടത്തുന്നില്ല.

ചാർജ്ജ് സർ-ചാർജ്ജ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല. സുലേഖ സ്റ്റേറ്റ്മെന്റിൽ കൃത്യമായ വരവ്-ചെലവ് കണക്കുകൾ പ്രതിഫലിക്കുന്നില്ല.

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിലും പദ്ധതി പുരോഗതി വിലയിരുത്തി അനുവദിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

**1-9 വാർഷിക കണക്കുകളിലെ അപാകതകൾ**

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2. ലേല രജിസ്റ്റർ പൂർത്തീകരിച്ച് ഡി.സി.ബി തയ്യാറാക്കിയിട്ടില്ല.

3. ബ്ലോക്ക്പഞ്ചായത്ത് ഐ.എ.വൈ. വായ്പയിനത്തിൽ തുക തിരിച്ചടയ്ക്കാനുണ്ടെങ്കിലും ആയതിന്റെ വിവരം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. Capital Work In Progress എന്ന ശീർഷകത്തിൽ ₹2,69,16,237/- രേഖപ്പെടുത്തിയതിന്റെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല.

5. റോഡ്, പാലങ്ങൾ മുതലായ ആസ്തികൾ ബ്ലോക്ക്പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ വരുന്നില്ലായെങ്കിലും കണക്കുകളിൽ ആയവയും അവയ്ക്ക് ബാധകമായ ഡിപ്രീസിയേഷനും ഉൾപ്പെടുത്തിയിരിക്കുന്നു.

**1-10 കുടിശ്ശികക്കാരന് കരാർ പുതുക്കാതെ കെട്ടിടം വാടകയ്ക്ക് നല്കി- നഷ്ടം ₹6000/-**

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ വിവിധ വാർഡുകളിലായി വാടക ഈടാക്കാവുന്ന രീതിയിൽ കെട്ടിടങ്ങൾ നിലവിലുണ്ടെങ്കിലും മൂന്നെണ്ണം മാത്രമാണ് വാടകയ്ക്ക് നൽകിയിരിക്കുന്നത്. എന്നാൽ ഇവയിൽ ഇടവെട്ടിച്ചിറ വനിത വർക്ക് ഷെഡ് -തയ്യൽ കേന്ദ്രം/ പ്രണവം ലൈബ്രറി എന്ന കെട്ടിടത്തിന്റെ 2019-20, 2020-21 വർഷങ്ങളിലെ വാടക ഈടാക്കിയിട്ടില്ല. ടി സ്ഥാപനം 2018-19 ൽ ബ്ലോക്ക് പഞ്ചായത്തുമായി വാടകക്കരാർ ചമച്ചിട്ടുണ്ടെങ്കിലും 2019-20, 2020-21 വർഷങ്ങളിൽ കരാർ പുതുക്കിയിട്ടില്ല. കൂടാതെ വനിത വർക്ക് ഷെഡ്, വനിതകളുടെ ക്ഷേമത്തിനുതകുന്ന പദ്ധതികൾക്ക് മാത്രമായി വിനിയോഗിക്കേണ്ടതാണ്. അതിനാൽ ടി കെട്ടിടത്തിൽ കമ്മറ്റി തീരുമാനപ്രകാരമല്ലാതെ പ്രവർത്തിക്കുന്ന ലൈബ്രറി വനിതാ സംരംഭകർക്ക് അസൌകര്യമായതിനാൽ ഒഴിപ്പിക്കേണ്ടതാണ്. കെട്ടിടം വനിതകൾ നടത്തുന്ന സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ലേലം നടത്തി കരാർ ചമച്ച്, വാടകയിൽ അവശ്യ വർദ്ധന നടത്തി വാടകയ്ക്ക് നൽകേണ്ടതാണ്. നിലവിലെ വാടകക്കാരിൽ നിന്നും കുടിശ്ശിക വാടക ഈടാക്കി മുറികൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വാടക നഷ്ടം ₹6000/- കുടിശ്ശികക്കാരിൽ നിന്ന് ഈടാക്കാത്ത പക്ഷം, കരാർ പുതുക്കാതെയും വാടകയിൽ കുടിശ്ശിക വരുത്തിയ വ്യക്തിക്കു തന്നെ വീണ്ടും വാടകയ്ക്ക് നൽകുകയും ചെയ്ത സെക്രട്ടറിയിൽ നിന്ന് ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

**1-11 സിഎച്ച്സി ക്വാർട്ടേഴ്സ് വാടക ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാകുന്നില്ല**

പുറപ്പുഴ, മുട്ടം സിഎച്ച്സികളുടെ ഭാഗമായി ബ്ലോക്കിന്റെ ഉടമസ്ഥതയിലുള്ള ക്വാർട്ടേഴ്സ് വാടക ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്നില്ല. ഇക്കാര്യം സംബന്ധിച്ച് ഡോക്ടർമാരുടെയും മറ്റ് സ്റ്റാഫിന്റെയും ക്വാർട്ടേഴ്സ് എണ്ണവും അതിൽ താമസം ഉള്ളവയുടെ എണ്ണവും വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.2/01-02-2022 ന് മുട്ടം സിഎച്ച്സി യിലെ 9 ൽ 3 ക്വാർട്ടേഴ്സിലും പുറപ്പുഴ സിഎച്ച്സിയിലെ 3 ൽ ഒരു ഡോക്ടേഴ്സ് ക്വാർട്ടേഴ്സിലും ബാക്കി 8 സ്റ്റാഫ് ക്വാർട്ടേഴ്സിലും താമസക്കാർ ഉണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇവരുടെ ശമ്പളത്തിൽ നിന്ന് വീട്ട് വാടക ബത്ത സ്പാർക്ക് വഴി കുറവ് ചെയ്ത് സർക്കാർ ഫണ്ടിലേയ്ക്ക് അടവാക്കുകയാണ് ചെയ്യുന്നത് എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെട്ടതും അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷിക്കുന്നതുമായ സിഎച്ച്സി ക്വാർട്ടേഴ്സ് കെട്ടിങ്ങളുടെ വാടക സ്പാർക്ക് വഴി കുറവ് വരുത്താതെ, വീട്ടുവാടക ഇനത്തിൽ ക്വാർട്ടേഴ്സിലെ താമസക്കാരായ ജീവനക്കാർക്ക് നൽകുകയും അവർ അതത് മാതൃ സ്ഥാപനം വഴി ബ്ലോക്ക് പഞ്ചായത്ത് തനത് ഫണ്ടിൽ ഒടുക്കുകയുമാണ് വേണ്ടത്. സ്പാർക്ക് വഴി സർക്കാരിലേയ്ക്ക് ബ്ലോക്ക് പഞ്ചായത്ത് കെട്ടിടങ്ങളുടെ വാടക അടവാക്കുന്ന രീതി ഒഴിവാക്കേണ്ടതും താഴെ സൂചിപ്പിക്കുന്ന രീതിയിൽ ജീവനക്കാരിൽ നിന്ന് ക്വാർട്ടേഴ്സ് വാടക ഈടാക്കി ബ്ലോക്കിന്റെ തനത് ഫണ്ടിലേയ്ക്ക് അടവാക്കേണ്ടതുമാണ്.

45600-95600 വരെ ശമ്പള നിരക്കിലുള്ളവർക്ക് വീട്ട് വാടക ബത്ത മാത്രം വാടകയായി അടവാക്കേണ്ടതാണ്.

50200-105300 നും അതിന് മുകളിലും ശമ്പള നിരക്കിലുള്ളവർക്ക് വീട്ട് വാടക ബത്ത + ശമ്പളത്തിന്റെ 2% വാടകയിനത്തിൽ അടവു വരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണ വകുപ്പ് എന്നിവരുടെ ശ്രദ്ധ ഇക്കാര്യത്തിലേയ്ക്ക് ക്ഷണിയ്ക്കുന്നു. വാടക ഈടാക്കുന്നത് സംബന്ധിച്ച തുടർ നടപടികൾ അടിയന്തിരമായി സ്വീകരിച്ച് ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്. കൂടാതെ ജീവനക്കാരുടെ എണ്ണവും താമസാവശ്യവും പരിഗണിച്ച് മറ്റ് ക്വാർട്ടേഴ്സുകൾ കൂടി ആവശ്യമെങ്കിൽ അറ്റകുറ്റപ്പണികൾ നടത്തി വാസയോഗ്യമാക്കി വാടക ഈടാക്കേണ്ടതാണ്.

**1-12 മുണ്ടൻമല ടൂറിസം പദ്ധതി- ബ്ലോക്ക് പഞ്ചായത്തിന് വരുമാനം ലഭ്യമാകുന്നില്ല**

ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള മണക്കാട് ഗ്രാമ പഞ്ചായത്തിലുള്ള മുണ്ടൻമല ടൂറിസം കേന്ദ്രം വാച്ച് ടവറിൽ ഫീസ് ഈടാക്കിയാണ് ടൂറിസ്റ്റുകളെ പ്രവേശിപ്പിക്കുന്നത്. എന്നാൽ ഫീസ് പിരിവ്, ടൂറിസ്റ്റ് കേന്ദ്രത്തോടനുബന്ധിച്ച് ബ്ലോക്കിന്റെ ഉടമസ്ഥതയിലുള്ള സ്നാക്ക് ഷോപ്പിന്റെ നടത്തിപ്പ്, വാച്ച് ടവറിന്റെ സൂക്ഷിപ്പിനുമായി ഏർപ്പെടുത്തിയ സംവിധാനം, ടൂറിസം പദ്ധതികളുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തിനുള്ള വരുമാനം എന്നിവ സംബന്ധിച്ചുമുള്ള വിവരങ്ങൾ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.11/05-02-2022 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമായില്ല.

തൊടുപുഴ നഗരവും പരിസര പ്രദേശങ്ങളും മുഴുവൻ കാണുവാൻ സാധിക്കുന്ന ഈ പ്രദേശത്ത് ടൂറിസം സാധ്യത മുന്നിൽ കണ്ട് വൻതുക മുതൽമുടക്കി ബ്ലോക്ക് പഞ്ചായത്ത് രണ്ട് ടെലിസ്കോപ്പുകളും സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ടൂറിസ്റ്റുകളിൽ നിന്ന് ഫീസിനത്തിൽ ലഭിക്കുന്ന വരവ് സംബന്ധിച്ചോ സ്നാക്ക് ഷോപ്പിന്റെ വാടക സംബന്ധിച്ചോ യാതൊരു രേഖകളും ബ്ലോക്കിൽ ലഭ്യമാകാത്തതിനാൽ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട സംവിധാനങ്ങൾ നിഷ്ക്രിയ ആസ്തി എന്ന രീതിയിൽ തുടരുകയാണ്. തനത് ഫണ്ട് വരവിനത്തിൽ യാതൊരു വരുമാനവും ബ്ലോക്കിന് ഈ മേഖലയിൽ നിന്ന് ലഭിക്കുന്നില്ല. ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് മുടക്കി ടെലിസ്കോപ്പ്, വാച്ച് ടവർ, അനുബന്ധ സൗകര്യങ്ങൾ എന്നിവ സ്ഥാപിച്ചിരിക്കുന്ന ടൂറിസം പദ്ധതിയുടെ നടത്തിപ്പിനായി വ്യക്തികളെ ഏൽപ്പിച്ച് ടൂറിസ്റ്റ് ഫീസ് വരവ്, സ്നാക്ക് ഷോപ്പ് വാടക എന്നീയിനങ്ങളിൽ തനത് ഫണ്ട് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ മേഖലയിലെ ടൂറിസം സംബന്ധിച്ച് പരസ്യങ്ങളും ബോർഡുകളും സ്ഥാപിച്ച് വരുമാന വർദ്ധനവിനു വേണ്ട നടപടികളും സ്വീകരിക്കുന്നത് അഭിലഷണീയമായിരിക്കുമെന്ന് അഭിപ്രായപ്പെടുന്നു. തുടർനടപടികൾ സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-13 പിഴ ഈടാക്കുന്നത് പ്ലാൻ ഫണ്ടിൽ അടവാക്കുന്നു**

അസി. എഞ്ചിനീയർ വിവിധ പദ്ധതികൾക്കായി ഈടാക്കുന്ന കരാർ കാലാവധി പിഴ, സമയത്ത് പദ്ധതി പൂർത്തിയാക്കാതിരുന്നതിലുള്ള പിഴ എന്നിവ പ്ലാൻ ഫണ്ടിലാണ് അടവാക്കുന്നത്. പ്രസ്തുത തുക ബ്ലോക്ക് പഞ്ചായത്തിന്റെ പേരിലുള്ള ട്രഷറി അക്കൌണ്ടിൽ അടവാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

**1-14 കാലാവധിക്കുള്ളിൽ കരാർ ചമയ്ക്കാത്തതിന് പിഴ ഈടാക്കിയില്ല**

GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2009-6 പ്രകാരം ഒരു പ്രവൃത്തിയുടെ ടെൻഡർ സ്വീകരിച്ച് ഏഴ് ദിവസത്തിനകം കരാറുകാരന് ടെൻഡർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് (സെലക്ഷൻ നോട്ടീസ്) നൽകണം. സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാൻ നോട്ടീസിൽ വ്യക്തമാക്കണം (സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്തു/ ഡെസ്പാച്ച് ചെയ്ത തീയതി നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കുന്നതാണ്). 14 ദിവസത്തിനകം കരാർ ചമയ്ക്കാത്ത പക്ഷം 14 ദിവസത്തിന് ശേഷമുള്ള 10 ദിവസത്തിനകം കരാർ തുകയുടെ (PAC) 1% പിഴ ഈടാക്കിക്കൊണ്ട് (മിനിമം ₹1,000/-, പരമാവധി ₹25,000/-) കരാർ ചമക്കാവുന്നതാണ്. എന്നാൽ താഴെ പരാമർശിക്കുന്ന പദ്ധതിയിൽ ഇപ്രകാരം പിഴ ഈടാക്കിയിട്ടില്ല.

ആയതിനാൽ ബ്ലോക്ക് പഞ്ചായത്തിന് ₹3935/- യുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. പരാമർശം വിശദമായി ഖണ്ഡിക 2-1 ൽ ഉൾപ്പെടുത്തുന്നു.

**1-15 ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിൽ ഉൾപ്പെടാത്ത പ്രവൃത്തികൾ നടപ്പാക്കി-₹1962791/- യുടെ ചെലവ് തടസ്സം**

കുടിവെള്ള പദ്ധതികൾ ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിൽ ഉൾപ്പെടുന്ന പ്രവൃത്തികൾ അല്ല. സർക്കാർ സ്കൂളുകൾ ബ്ലോക്ക് പഞ്ചായത്തിന് വിട്ട് നൽകിയ സ്ഥാപനങ്ങളും അല്ല. എന്നാൽ താഴെ പരാമർശിക്കുന്ന കുടിവെള്ള പദ്ധതികളും സ്കൂളുകളിൽ ടോയ്‌ലറ്റുകളും ബ്ലോക്ക് പഞ്ചായത്ത് തൻ വർഷം ഏറ്റെടുത്ത് നടത്തിയതായി കാണുന്നു.

| പദ്ധതി നം & പദ്ധതി | ബിൽ നം & തീയതി | തുക₹ |
|---|---|---|
| 29/2021<br>വടക്കുംമുറി മൂരിപ്പാറ കുടിവെള്ള പദ്ധതി<br>അടങ്കൽ ₹600000/- (സി.എഫ്.സി) | 20100563010301407033 തീ 27.03.2021 | 470113 |
| 74/2021<br>തൊണ്ടിക്കുഴ -ഗവ യു.പി സ്കൂൾ ടോയ്‌ലറ്റ് നിർമ്മാണം<br>അടങ്കൽ ₹441978/- (വികസന ഫണ്ട് പൊതു വിഭാഗം) | 20100563010300016526 തീ:11.04.2020 | 258651 |
| | 191005630010301115388തീ:21.01.2020 | 245722 |
| | 20100563010300420690 തീ:13.08.2020 | 142752 |
| 73/2021<br>കരിങ്കുന്നം ഗവ. എൽ.പി.സ്കൂൾ ടോയ്‌ലറ്റ് നിർമ്മാണം<br>അടങ്കൽ ₹688581/- (വികസന ഫണ്ട് പൊതു വിഭാഗം) | 20100563010300976315 തീ:21.01.2021 | 455492 |
| | 19100563010301381663 തീ:29.02.2020 | 233089 |
| 99/2021<br>പ്ലാക്കൂട്ടം പാറ കുടിവെള്ള പദ്ധതി<br>അടങ്കൽ ₹200000/- (സി.എഫ്.സി) | 20100563010407054 തീ:29.03.2021 | 156972 |
| | ആകെ | 1962791 |

ഗ്രാമപഞ്ചായത്തിന്റെ സമ്മതത്തോടെ കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കാവുന്നതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 29.01.208 ലെ സ.ഉ(കൈ) 11/2018 ലെ ഖ 7.1 (ബി).8 പ്രകാരം അനുവദിച്ചിട്ടുണ്ടെങ്കിലും അത്തരം ഒരു അനുവാദം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിൽ നിന്നും നേടിയിട്ടില്ല. അധികാര പരിധിയിൽ വരാത്ത പ്രവൃത്തി, വിട്ട് കിട്ടാത്ത സ്ഥാപനങ്ങളിൽ പ്രവൃത്തി എന്നിവ നടപ്പാക്കിയതിനാൽ ₹1962791/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രസ്തുത വിഷയത്തിന് ഓഡിറ്റ് എൻക്വയറി 12/05.02.2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

**1-16 ഡയറി എക്സ്റ്റെൻഷൻ ഓഫീസറുടെ പദ്ധതി നടത്തിപ്പിലെ അപാകതകൾ**

ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി എന്ന വിഭാഗത്തിൽ രണ്ട് പദ്ധതികളാണ് 2020-21 ൽ ക്ഷീര വികസന ഓഫീസർ നടപ്പാക്കിയത്. പദ്ധതികൾ പ്രകാരം തൊടുപുഴ ബ്ലോക്കിനു കീഴിലുള്ള 12 ക്ഷീര സഹകരണ സംഘങ്ങളിലെ കർഷകർക്കായി ₹345307/- സബ്സിഡിയായി നൽകിയിട്ടുണ്ട്. ഒരു കർഷകനു ഒരു ലിറ്റർ പാലിന് ₹3/- +ക്ഷീര വികസന വകുപ്പ് നൽകുന്ന ₹1/- ഉൾപ്പടെ വർഷത്തിൽ പരമാവധി ₹40,000/- ആണ് സബ്സിഡി തുകയായി നൽകാവുന്നത്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഒറ്റയ്ക്കോ സംയുക്തമായോ പദ്ധതി ഏറ്റെടുക്കാമെന്നിരിക്കെ ഒരേ നിർവ്വഹണ ഉദ്യോഗസ്ഥൻ നടപ്പാക്കുന്ന പദ്ധതി ആയതിനാൽ, ഓരോ ഗുണഭോക്താക്കൾക്കും വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ആകെ ലഭിച്ച പദ്ധതി ആനുകൂല്യത്തുകയുടെ വിവരങ്ങൾ കൂടി ചെലവ് രേഖകളുടെ കൂടെ ഉൾപ്പെടുത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. ആനുകൂല്യം നൽകിയതിൽ ഇരട്ടിപ്പോ, നൽകാവുന്ന പരമാവധി തുകയിൽ അധികരണമോ നടന്നിട്ടില്ലെന്ന് ഉറപ്പ് വരുത്തുവാൻ ഇത് ആവശ്യമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.4/03-02-20202 ന് ആനുകൂല്യം സംബന്ധമായി അപാകതകൾ ഇല്ലെന്ന് ഉറപ്പ് വരുത്തുന്നുണ്ടെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിരിക്കുന്നത്. തുടർ നടപടികൾ കൈക്കൊണ്ട് പദ്ധതി നടത്തിപ്പ് സുതാര്യമാക്കുന്ന മേൽ സൂചിപ്പിച്ച രീതി പ്രാവർത്തികമാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

**1-17 ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതി നടത്തിപ്പ് സംബന്ധിച്ച അപാകതകൾ**

ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നായി കമ്മിറ്റിതീരുമാന പ്രകാരമുള്ള ലിസ്റ്റനുസരിച്ച് അർഹരായ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയിരുന്നു. ഇതിൽ വരുമാനം കുറവുള്ള കുടുംബത്തിലെ വിദ്യാർത്ഥികൾക്ക് മുൻഗണന നൽകണമെന്ന് സബ്സിഡി മാനദണ്ഡ പ്രകാരവും പദ്ധതി പ്രകാരവും നിഷ്കർഷിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിൽ ആനുകൂല്യം നൽകിയ വിദ്യാർത്ഥികൾക്കും തുടർന്നുള്ള പഠന വർഷങ്ങളിലും ഇതേ ആനുകൂല്യം നൽകാവുന്നതാണ്. എന്നാൽ ഇടവെട്ടി പഞ്ചായത്തിലെ കമ്മിറ്റിതീരുമാന പ്രകാരം 2020-21 ൽ നൽകിയ ലിസ്റ്റിൽ വില്ലേജ് ഓഫീസർ നൽകിയ വരുമാന സർട്ടിഫിക്കറ്റ് പ്രകാരം വാർഷിക വരുമാനം ₹15,30,000/- ഉള്ള ജൂനോഫൈൻ ആന്റണി, നെടുങ്കല്ലേൽ എന്ന വിദ്യാർത്ഥിക്കാണ് ആനുകൂല്യം നല്കാൻ തീരുമാനിച്ചിരുന്നത്. ഇത് സംബന്ധിച്ച് 2020-21 ലെ സ്കോളർഷിപ്പ് ആനുകൂല്യത്തിനർഹരായവരുടെ ലിസ്റ്റ് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 4/02-02-2022 ന് മറുപടി നൽകിയില്ല. 2019-20 വർഷത്തെ ലിസ്റ്റ് പ്രകാരം ഇടവെട്ടി ഗ്രാമ പഞ്ചായത്തിലെ ആനുകൂല്യ ലിസ്റ്റിൽ 7 വിദ്യാർത്ഥികളുണ്ടായിരുന്നതിൽ മൂന്ന് പേർക്ക് ആനുകൂല്യം നൽകുകയും ചെയ്തിരുന്നു. ഇതിൽ അടുത്ത വർഷം കൂടി വരുമാനം കുറവുള്ള ചില വിദ്യാർത്ഥികൾക്ക് ആനുകൂല്യത്തിന് അർഹത ഉള്ളതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. എന്നാൽ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഗ്രാമസഭ ലിസ്റ്റ് പരിശോധിയ്ക്കുകയും ആനുകൂല്യത്തിന് അർഹരായ കൂടുതൽ വിദ്യാർത്ഥികൾ ഉണ്ടോ എന്ന് പരിശോധിയ്ക്കുകയും ചെയ്യാതെ ആനുകൂല്യം നൽകിയിരിക്കുന്നു എന്നാണ് ഓഡിറ്റ് മനസിലാക്കുന്നത്.

1. സബ്സിഡി മാനദണ്ഡ പ്രകാരം കുടുംബ വാർഷിക വരുമാനം കുറവുള്ള വിദ്യാർത്ഥികൾക്ക് ആനുകൂല്യ വിതരണത്തിൽ മുൻഗണന നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഭാവിയിൽ ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റ് പ്രകാരം പദ്ധതി ആനുകൂല്യത്തിന് കൂടുതൽ അർഹതയുള്ള വിദ്യാർത്ഥികൾ ഉണ്ടോ എന്ന് പരിശോധിച്ചതിനു ശേഷം മാത്രമാണ് വ്യക്തിഗത ആനുകൂല്യം വിതരണം നടത്തേണ്ടത്.

2. വളരെ ഉയർന്ന വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് ടി ആനുകൂല്യം നൽകുന്നതിലൂടെ അനർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമാകുന്നതിനും പദ്ധതിപ്പണം ദുർവ്യയത്തിനും കാരണമാകും. ഭാവിയിൽ മേൽ അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥന്റെയും ഭരണാധികാരികളുടെയും ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

**2-1 കാലാവധിക്കുള്ളിൽ കരാർ ചമയ്ക്കാത്തതിന് പിഴ ഈടാക്കിയില്ല-നഷ്ടം ₹3935/- (ഖണ്ഡിക 1-14)**

നിർവ്വഹണം: അസിസ്റ്റന്റ് എഞ്ചിനീയർ

GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2009-6 പ്രകാരം ഒരു പ്രവൃത്തിയുടെ ടെൻഡർ സ്വീകരിച്ച് ഏഴ് ദിവസത്തിനകം കരാറുകാരന് ടെൻഡർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് (സെലക്ഷൻ നോട്ടീസ്) നൽകണം. സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാൻ നോട്ടീസിൽ വ്യക്തമാക്കണം (സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത/ ഡെസ്പാച്ച് ചെയ്ത തീയതി നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കുന്നതാണ്). 14 ദിവസത്തിനകം കരാർ ചമയ്ക്കാത്ത പക്ഷം 14 ദിവസത്തിന് ശേഷമുള്ള 10 ദിവസത്തിനകം കരാർ തുകയുടെ (PAC) 1% പിഴ ഈടാക്കിക്കൊണ്ട് (മിനിമം ₹1,000/-, പരമാവധി ₹25,000/-) കരാർ ചമക്കാവുന്നതാണ്. എന്നാൽ താഴെ പരാമർശിക്കുന്ന പദ്ധതിയിൽ ഇപ്രകാരം പിഴ ഈടാക്കിയിട്ടില്ല.

| പദ്ധതി & പദ്ധതി നം | കരാറുകാരൻ | സെലക്ഷൻനോട്ടീസ് അയച്ച തീയതി | പിഴ സഹിതം കരാർ ചമയ്ക്കേണ്ട അവസാന തീയതി | കരാർ ചമച്ച തീയതി | കരാറുകാർ അംഗീകരിച്ചടെണ്ടർ തുക ₹ | ഈടാക്കേണ്ടാ പിഴ തുക ( 1%) ₹ |
|---|---|---|---|---|---|---|
| 80/2019-20 പൊന്നന്താനം -അഴകംപാറ റോഡ് | ശ്രീ എം.ജി പ്രസാദ്, മറ്റത്തിൽ തഴുവംകുന്ന് | 07.05.2020 | 21.05.2020 | 30.06.2020 02/AE/LSGD/ TDPA/2020-21, 30.06.2020 | 393499.35 | 3935 |

ആയതിനാൽ ബ്ലോക്ക് പഞ്ചായത്തിന് ₹3935/- യുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. പ്രസ്തുത തുക കരാറുകാരനിൽ നിന്നും ഈടാക്കി ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് അടവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി കണക്കാക്കുന്നതാണ്. പ്രസ്തുത വിഷയത്തിന് ഓഡിറ്റ് എൻക്വയറി 13/05.02.2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

**4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം**

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | |
|---|---|
| 2020-21 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു |

**4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം**

ഇല്ല

**4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ**

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക(₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | നെടിയശാല വഴിത്തല – വാഴപ്പിള്ളി മുണ്ടൻമുടി വൈദ്യുതി ലൈൻ | – | 500000 | - | 500000 |
| കേരള വാട്ടർ അതോറിറ്റി | തോട്ടുങ്കര അറയ്ക്കൽ കുടിവെള്ള പദ്ധതി | | 500000 | | 500000 |
| കേരള വാട്ടർ അതോറിറ്റി | പ്ലാന്റേഷൻ മുഞ്ഞനാട്ട് റോഡ് കുടിവെള്ള പദ്ധതി | | 294029 | | 294029 |

**4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ**

ഇല്ല

**4-5 വായ്പ / വായ്പാതിരിച്ചടവ്**

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക ₹ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച മുതൽ ₹ | പലിശ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| ഐ.എ.വൈ | ലഭ്യമല്ല | 4500000 | 4483340 | ഇല്ല | ഇല്ല | 4483340 |

**4-6 സ്ഥിര നിക്ഷേപം**

ഇല്ല

**4-7 ഓഡിറ്റ് റിക്കവറി**

ഇല്ല

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3-4 | 2011-12 | 2-4 | കുടുംബത്തിലെ വനിതയുടെയോ ഭാര്യയുടെയും ഭർത്താവിന്റെയും കൂട്ടായ പേരിലോ ഭവനം അനുവദിക്കണമെന്ന വ്യവസ്ഥ ലംഘിച്ച് ധനസഹായം | തീർപ്പാക്കിയില്ല |

**4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം**

എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

– ഇല്ല –

ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

– ഇല്ല –

**4-10 ഓഡിറ്റ് പ്രത്യവലോകനം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ മുന്നിരിപ്പ് | ₹7397110 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹43507633 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹50904743 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹44138653 |
| ഓഡിറ്റ് വർഷത്തെ നീക്കിയിരിപ്പ് | ₹6766090 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹3935 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1962791 |

## (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 3935 | | ശ്രീമതി. കെ.എൽ ജിനിത,<br>അസി. എഞ്ചിനീയർ |

## ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 1962791 | ശ്രീമതി കെ.എൽ ജിനിത, അസി എഞ്ചിനീയർ |

## (സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല -

## (ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

- ഇല്ല -

## (ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി കെ.എൽ ജിനിത,<br>അസി. എഞ്ചിനീയർ | അസി എഞ്ചിനീയർ,<br>തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് | തെക്കേൽ വീട്, ഇടവെട്ടി<br>തൊടുപുഴ<br>ഇടുക്കി ജില്ല |

**4-11 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1995-96 & 1996-97 | എൽ.എഫ്.ഐ. - 4/180/05/ 08.06.2005 | 1 | 16 |
| 1997-98 | കെ.എസ്.എ.-ഐ.ഡി.കെ.-7/ 69/17/01.02.2017 | 4 | 24, 25, 27, 28 |
| 1998-99 | എൽ.എഫ്.ഐ.-5/908/14/ 03.12.2014 | 3 | 24, 27(എ), 33 |
| 1999-2000 | എൽ.എഫ്.ഐ.- 5/908/14/ 03.12.2014 | 2 | 23, 27 |
| 2000-01 | കെ.എസ്.എ.-ഐ.ഡി.കെ.- 7/ 223/18/27.04.2018 | 3 | 20, 22, 23 |
| 2001-02 | കെ.എസ്.എ.-ഐ.ഡി.കെ.- 7/ 736/16/30.07.2016 | 1 | 2-2 |
| 2003-04 | എൽ.എഫ്.ഐ. - 4/202/11/ 07.02.2011 | 4 | 3-2, 3-3, 3-4, 3-5 |
| 2004-05 | എൽ.എഫ്.ഐ. - 7/1435/17/ 30.10.2017 | 4 | 3-2, 3-3, 3-4, 3-6 |
| 2006-07 | കെ.എസ്.എ.-ഐ.ഡി.കെ.- 7/ 292/18/17.04.2018 | 2 | 2-2, 3-2 |
| 2008-09 | കെ.എസ്.എ.-ഐ.ഡി.കെ.- 7/ 222/18/21.03.2018 | 3 | 3-3, 3-5, 3-6 |
| 2009-10 | കെ.എസ്.എ.-ഐ.ഡി.കെ.- 7/ 1255/16/09.09.2016 | 1 | 2-1 |
| 2010-11 | കെ.എസ്.എ.-ഐ.ഡി.കെ.- 7/ | 4 | 3-1, 3-2, 3-3, 3-4 |

| | | | |
|---|---|---|---|
| | 991/2018/29.09.2018 | | |
| 2011-12 | കെ.എസ്.എ.–ഐ.ഡി.കെ.– 7/ 1415/18/14.01.2019 | 2 | 2-1, 3-2ബി |
| 2012-13 | കെ.എസ്.എ.–ഐ.ഡി.കെ.– 7/ 205/16/05.04.2016 | 4 | 2-1, 3-1, 3-3, 3-4 |
| 2014-15 | കെ.എസ്.എ.–ഐ.ഡി.കെ.– 7/ 4/2018/12.03.1018 | 2 | 2-1, 3-2 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ–7/ 830/17/14.07.2017 | 7 | 1-12, 2-1, 2-3, 3-2, 3-3, 3-4, 3-5 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ–7/ 228/18/11.05.2018 | 4 | 2-1, 2-5, 2-6, 3-5 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ–7/ 230/19/26.03.2019 | 5 | 3-4, 3-5, 3-6, 3-12, 3-15 |
| 2018-19 | കെ.എസ്.എ.ഐ.ഡി.കെ–7/ 118/20/09.03.2019 | 12 | 1-12, 1-13, 1-14, 1-15, 1-16,1-17, 1-18,1-19, 1-20, 3-1,3-2, 3-13 |
| 2019-20 | കെ.എസ്.എ.ഐ.ഡി.കെ–4/444/22 | 27 | 1-1 മുതൽ 1-15 വരെ 2-1, 4-1 മുതൽ 4-11 വരെ |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

**അനുബന്ധം-1**

**ഓഡിറ്റ് സാക്ഷ്യപത്രം**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ തൊടുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ തൊടുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്